റിസർവ്വ് ബാങ്ക് നടത്തിയ പഠനം

3 (1055) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആളോഹരി വരുമാനം കുറവാണെങ്കിലും സംസ്ഥാനത്തെ ജനങ്ങൾ ഉയർന്ന ജീവിത നിലവാരം പുലർത്തുന്ന പ്രവണത ഇപ്പോഴും തുടരുന്നുണ്ടോ ;

(ബി) ഇതേപ്പറ്റി റിസർവ്വ് ബാങ്ക് പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആ പഠനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങൾ എന്തെല്ലാം ; അതിനുള്ള കാരണമെന്താണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സാമൂഹ്യ സാംസ്ക്കാരിക ആരോഗ്യ മേഖലയിൽ മലയാളികൾ എന്നും ഉയർന്ന നിലവാരമാണ് പുലർത്തിവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) (ബി)യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

റവന്യൂ കമ്മിയും ധന കമ്മിയും

4 (1056) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്ര ;

(ബി) 2003 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ ധനകമ്മി എത്ര ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറൽ തയ്യാറാക്കിയ 2003 മാർച്ച് 31 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 3658.36 കോടി രൂപ ആയിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറൽ തയ്യാറാക്കിയ 2003 മാർച്ച് 31 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ ധനകമ്മി 4445.5 കോടി രൂപ ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly